കൃഷിക്കാക്ക് ഒരു പമ്പിംഗ് സ്റ്റേഷൻ.

138. [8] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ, കരുവന്നൂർ, താമരവളയം ചിറകൾ മുറിച്ച് വെള്ളം തുറന്നുവിടുന്നതിനെ സംബന്ധിച്ച് കരുവന്നൂർ ഭാഗത്തുള്ള കൃഷിക്കാരിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉദ്ദേശം പതിനായിരം പറ നിലം കൃഷിചെയ്യുന്ന മുരിയാട്ടുകായൽകൃഷിക്കാരെ രക്ഷിക്കുന്നതിനും, കരുവന്നൂർ പുഴയിലെ വെള്ളം ഉപയോഗിക്കുന്ന കൃഷിക്കാക്ക് ഉപദ്രവം ഇല്ലാതിരിക്കുന്നതിനും താമരവളയം ചിറയിൽ ഒരു സ്ഥിരം പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ഉത്തരം.

(എ) ഉണ്ട്. പരാതിയനുസരിച്ച് താമരവളയം ചിറയിലേയും കരുവന്നൂർ ചിറയിലേയും വെള്ളം താഴെ ചിറകളിലേയ്ക്ക് ഇറക്കിക്കൊടുത്തു.

(ബി) ഇങ്ങനെ ഒരു പമ്പിംഗ് സ്റ്റേഷൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കരുവന്നൂർ ചിറ അടയ്ക്കുന്നതിനുമുമ്പ് പുഞ്ചക്കൃഷിക്കാർ അവരുടെ വെള്ളം വറ്റിക്കുന്ന ജോലി ചെയ്തുതീർക്കുന്നപക്ഷം അധിക വെള്ളത്തിൻറെ ശല്യം കൃഷി ഇറക്കുന്നതിന് ഉണ്ടാകുന്നതല്ല. ഇങ്ങനെ കാലെ വെള്ളം വറ്റിക്കുന്നതിനാൽ ഉണ്ടായേയ്ക്കാവുന്ന ഉണക്കിന് പിച്ചിപദ്ധതി പൂർത്തീകരിച്ചതോടെ കരുവന്നൂർ ചിറയിൽനിന്നും വെള്ളം സുലഭമായി കൊടുക്കാവുന്നതാണ്.

പൈപ്പുലൈൻ.

139. [13] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടിപറയുമോ :

(എ) ചൊവ്വര മുതൽ മട്ടാഞ്ചേരിവരെയുള്ള ആലുവാ വെള്ളം കൊണ്ടുവരുന്ന പൈപ്പുലൈനുകളിലെ കേടുപാടുകൾ നീക്കംചെയ്ത് എറണാകുളം, മട്ടാഞ്ചേരി മുതലായ സ്ഥലങ്ങളിൽ കൂടുതൽ വെള്ളം നൽകുവാൻ വേണ്ടി 22-7-1950-ൽ ഗവണ്മെൻറ് അനുവദിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 25.7837 ലക്ഷം ഉറുപ്പികയിൽ ഏതു സംഖ്യ ഇതുവരെ ചെലവായി;

(ബി) ഈ ഇനത്തിൽപ്പെട്ട എന്തൊക്കെ പണികൾ ഇതുവരെ ചെയ്തുതീർത്തു;

(സി) ആ എസ്റ്റിമേറ്റ് പ്രകാരം ചെയ്തുതീർക്കാനുള്ള പണികൾ ഏവ;

(ഡി) ആ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമത്തെ പരിഗണിച്ച് ആവശ്യമുള്ള പണികൾ ഇനിയും താമസിയാതെ ചെയ്തു തീർപ്പിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) 13,02,298 രൂപ ചെലവായിട്ടുണ്ട്.

(ബി) C. I. Pipes and Specials വാങ്ങുക.

LIBRARY ARCHIVES Kerala Legislative Assembly